# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 10, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 304)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 5967 മുതൽ 6069 വരെ |
| മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 6070 മുതൽ 6102 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി | 6103 മുതൽ 6197 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 6198 മുതൽ 6270 വരെ |

## എന്റെ ഗ്രാമം പദ്ധതി

5967 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ പ്രൊജക്ട് വഴി നടപ്പാക്കുന്ന എന്റെ ഗ്രാമം പദ്ധതി ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എന്റെ ഗ്രാമം പദ്ധതിയിൽ എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റ് മുഖേന ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് പ്രസ്തുത പദ്ധതി മുഖേന ലഭ്യമാകുന്നത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## ജനസംഖ്യാ രജിസ്റ്ററിലെ ബയോമെട്രിക് വിവര ശേഖരണം

5968

ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജനസംഖ്യാ രജിസ്റ്ററിലെ ബയോമെട്രിക് ഉൾപ്പെടെയുള്ള വിവര ശേഖരണം നടത്തുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണ്;

(ബി) പ്രസ്തുത ഏജൻസികൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വഴി ശേഖരിക്കുന്ന ബയോമെട്രിക് വിവരങ്ങളുടെ കൃത്യതയും നിലവാരവും പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം വിവര ശേഖരണത്തിന് അക്ഷയ, കെൽട്രോൺ മുതലായ സർക്കാർ ഏജൻസികളുടെ സേവനം കൂടി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ദേശീയ ജനസംഖ്യാ രജിസ്റ്റർ</u>

T 5969 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ (എൻ. പി. ആർ) ജോലികൾ സംസ്ഥാനത്ത് ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വിവരങ്ങളാണ് എൻ. പി. ആർ. മുഖേന ശേഖരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) എൻ. പി. ആറിൽ തെറ്റായ വിവരങ്ങൾ നല്കിയാൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പരിപാടി ആരംഭിച്ചിട്ടുളളത്;

(ഇ) പ്രസ്തുത രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള കാലപരിധി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

5970 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പുറത്തുവന്നിട്ടുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുകയുണ്ടായോ;

(ബി) ഇതിനകം വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തെല്ലാം നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് പൊതുവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(സി) നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളുടെയടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയാൽ പന്ത്രണ്ടാം പദ്ധതി അവസാനിക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ അവസ്ഥ ഇന്നത്തേതിൽ നിന്നും പിറകോട്ടു പോകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>വിഷൻ 2030 പദ്ധതി</u>

T5971 ശ്രീ. എം.എ. വാഹീദ്
,, പി.സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2030 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വൻ വികസനം ലക്ഷ്യമാക്കി എന്തെല്ലാം വിഷയങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മീഡിയാ സിറ്റി</u>

5972 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ആര്‍. സെല്‍വരാജ്
,, ഐ. സി. ബാലകൃഷ്ണന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മീഡിയാ സിറ്റി സ്ഥാപിക്കാന്‍ ആലോചനയുണ്ടോ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് സ്ഥാപിക്കുന്നതിന് പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയ്ക്ക് രൂപം നല്‍കുമോ ;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ഇ) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജനക്ഷേമപരിപാടികള്‍ കാര്യക്ഷമമാക്കുവാന്‍ നടപടികള്‍</u>

5973 ശ്രീ. ബെന്നി ബെഹനാന്‍
'' വി. ഡി. സതീശന്‍
'' അന്‍വര്‍ സാദത്ത്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നടപ്പിലാക്കുന്ന ജനക്ഷേമപരിപാടികള്‍ ജനങ്ങളില്‍ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ്വകുപ്പ് പുതിയ ചാനല്‍ തുടങ്ങാന്‍ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എന്തെല്ലാം പ്രാരംഭ നടപടികള്‍ ഇതിനുവേണ്ടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ</u>

5974 ശ്രീ. കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിനായി അഭിപ്രായ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർവ്വേയുടെ വിഷയങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>എസ്.എം.എസ് വഴി ജനാഭിപ്രായം സമാഹരിക്കുന്ന പദ്ധതി</u>

5975 ശ്രീ. ഷാഫി പറമ്പില്‍
'' ജോസഫ് വാഴക്കന്‍
'' വര്‍ക്കല കഹാര്‍
'' വി.പി സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എസ്.എം.എസ് വഴി ജനാഭിപ്രായം സമാഹരിക്കുന്ന പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ മേല്‍നോട്ടം ആര്‍ക്കാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ പ്രവര്‍ത്തനരീതി എങ്ങനെയാണ്;

(ഡി) എല്ലാ സര്‍ക്കാര്‍ വകുപ്പുകളെയും ഈ പദ്ധതിയുടെ പരിധിയില്‍ കൊണ്ട് വരുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക ചെലവിടുന്നതിന് നിയന്ത്രണം</u>

5976 ശ്രീ. കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് ഇവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക</u>

5977 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കെ. നാരായണൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി നീക്കി വെച്ചിരിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാനാവിഷ്കൃത പരിപാടികൾ/പദ്ധതികൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തു നിന്നും കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എന്തു തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി എന്നറിയിക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പ് പദ്ധതികൾ

T5978 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. എം. ആരിഫ്
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ ഏതെല്ലാം മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് ഒരു നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഇതൊരു നയമായി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷം പി.പി.പി. മോഡലിൽ ഏതെല്ലാം പദ്ധതികൾ ഏതെല്ലാം വകുപ്പുവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

# 10.07.2012-ലെ മറുപടിക്ക്

**സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ഏകീകൃത അക്കൗണ്ടിംഗ് രീതി**

T 5979 ശ്രീ. പി. കെ. ഗുരുദാസൻ
,, പി. റ്റി. എ. റഹീം
,, കെ. വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർവ്വഹണ ഏജൻസികൾ വഴി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളും ഈ വർഷത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ;

(സി) ഈ വർഷത്തെ ഇതേവരെയുള്ള കാലയളവിൽ ലക്ഷ്യത്തിനനുസൃതമായ നേട്ടം ഉണ്ടാകാത്ത കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ഡി) സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ഏകീകൃത അക്കൗണ്ടിംഗ് രീതിയുണ്ടോ; ഇതാവശ്യമാണോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ
കേന്ദ്രാവിഷ്കൃത പരിപാടികൾ

5980

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കേന്ദ്രാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും 2011-12 ൽ എന്ത് തുക ലഭിച്ചുവെന്നറിയിക്കാമോ;

(ബി) ഇത് എത്ര ഗഡുക്കളായിട്ടാണ് ലഭിച്ചത്;

(സി) ഓരോ ഗഡുക്കളിലൂടെയും എന്ത് തുക ലഭിച്ചുവെന്നും അവ എന്ന് ലഭിച്ചുവെന്നും അറിയിക്കാമോ;

(സി) കേന്ദ്രത്തിൽ നിന്നുളള ഫണ്ട് വൈകിയതിനെത്തുടർന്ന് ധന വകുപ്പ് ആവശ്യമായ സഹായം നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമുന്നയിച്ചിരുന്നുവോ;

(ഇ) പ്രസ്തുത ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതി</u>

5981 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയുടെ പുതിയ ഫേസിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ടെൻഡർ എടുത്താൽ ആളില്ലാത്ത പശ്ചാത്തലത്തിൽ ഓരോ പ്രവൃത്തിക്കും സംസ്ഥാന സർക്കാർ എത്ര തുകയാണ് അധികമായി കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ കരാർ ജീവനക്കാരുടെ വേതനം</u>

5982 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒരു വർഷത്തെ ഭരണ നേട്ടങ്ങളെക്കുറിച്ച് വിവിധ പത്രങ്ങളിൽ ഐ. ആന്റ് പി. ആർ. ഡി. മുഖേന പ്രസിദ്ധപ്പെടുത്തിയ പരസ്യങ്ങളിൽ പി. എം. ജി. എസ്.വൈ. പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ചതായി രേഖപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വേതനം എത്രയായിരുന്നു; ആയത് എന്നുമുതൽ എത്രയായി വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വേതന വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡുകളുടെ ലിസ്റ്റ്</u>

5983 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം താമരക്കുളം പഞ്ചായത്തിലെ ചത്തിയറപള്ളം റോഡ് നബാർഡ് ഏറ്റെടുക്കണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത റോഡിന്റെ സ്ഥിതി സംബന്ധിച്ച് പരിശോധിക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; കേരളത്തിലെ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡുകൾ എത്രയാണ്;

(സി) മാവേലിക്കര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഏതൊക്കെ റോഡുകൾ; എത്ര കിലോമീറ്റർ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. റോഡ് നിർമ്മാണ കരാറുകാരുടെ പിൻവാങ്ങൽ

5984 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി. ഡബ്ലിയൂ. ഡി. റേറ്റ് ലഭിക്കാത്തത്കൊണ്ടും സ്വന്തം ചെലവിൽ ലാബ്, എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങിയ പ്രശ്നങ്ങൾ മൂലമാണ് പി. എം. ജി. എസ്.വൈ പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം ഏറ്റെടുത്ത കരാറുകാർ പിൻവാങ്ങുന്നത് എന്നതിനാൽ ഇവ പരിഹരിക്കുന്നതിനും അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പയ്യന്നൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ</u>

5985 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. യിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്ത റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ പി. എം. ജി. എസ്. വൈ

5986

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരം ആലപ്പുഴ ജില്ലയിൽ റീ-ടെൻഡർ ചെയ്ത വർക്കുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) റീ-ടെൻഡർ ചെയ്തിട്ടും ഏറ്റെടുക്കാത്ത വർക്കുകളുടെ വിവരം വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ഗ്രാമീണ റോഡ് വികസന പദ്ധതി</u>

5987 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിവഴി ഇപ്പോൾ എന്തൊക്കെ സ്കീമുകളാണ് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റോഡുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന

5988

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന ഉൾപ്പെട്ട പൊതുവിഭാഗ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച ഭവന നിർമ്മാണ സഹായം അനിശ്ചിതമായി താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ഈ സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്താൻ മിക്ക തദ്ദേശ സ്ഥാപനങ്ങൾക്കും സാദ്ധ്യമായിട്ടില്ല എന്നതിന് പരിഹാരമായി ഈ വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(സി) വർദ്ധിപ്പിച്ച പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ഇന്ദിര ആവാസ് യോജന പദ്ധതി</u>

5989 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2011-12 വർഷം ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം പുതിയ വീടുകളുടെ എണ്ണം എത്രയാണ്;

(ബി) ആയതിൽ എത്ര വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) IAY ഭവന പദ്ധതി പ്രകാരം പൊതുവിഭാഗം, പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് വീടൊന്നിന് ആകെ എത്ര രൂപ ലഭിക്കും; പ്രസ്തുത തുക നൽകാൻ ഉത്തരവായത് എന്നുമുതലാണ്;

(ഡി) ഗുണഭോക്താക്കൾ വീട് പണിയുമ്പോൾ ഉണ്ടാകുന്ന അധികബാധ്യത ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഐ.എ.വൈ. പദ്ധതി

5990

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 15-9-2011 ന് ശേഷം ഐ. എ. വൈ. പദ്ധതി പ്രകാരം വീടുകളുടെ തുക 2 ലക്ഷം ആയി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തീയതിയ്ക്ക് മുൻപ് എഗ്രിമെന്റ് വച്ചിട്ടുള്ളവർക്കും നിർമ്മാണത്തിലിരിക്കുന്നവർക്കും വർദ്ധിപ്പിച്ച 2 ലക്ഷംരൂപ നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം തുക വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ അധികമായി വരുന്ന തുക ബ്ലോക്കുകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ മഹാത്മാഗാന്ധി നാഷണൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം</u>

5991 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി നാഷണൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം മുഖേന ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ സ്ത്രീകൾ എത്ര ; പുരുഷൻമാർ എത്ര ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവർ എത്ര പേർ വരുമെന്ന് പറയുമോ ;

(ഡി) തൃശ്ശൂർ ജില്ലയിൽ 2011-2012 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതി-വനിതാ തൊഴിലാളികളുടെ കുടുംബത്തിന് സഹായങ്ങൾ

5992 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ
,, പി.എ. മാധവൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലുള്ള വനിതാ തൊഴിലാളികളുടെ കുടുംബത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) ഇവരുടെ മക്കൾക്ക് പഠന സാമഗ്രികൾ, ധനസഹായം എന്നിവ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ മാറ്റം

5993 ശ്രീ. സി. കെ. സദാശിവൻ
,, കെ. ദാസൻ
,, കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച മാറ്റങ്ങളിൽ കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചതിൽ തുടർ നടപടികൾ സ്വീകരിക്കപ്പെട്ടവ ഏതൊക്കെയാണ് ;

(ബി) ഇപ്പോഴും കേന്ദ്രത്തിന്റെ പരിഗണനയിലുള്ളതായി സർക്കാർ കരുതുന്നവ എന്തൊക്കെയാണ് ;

(സി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേഖലയിൽ നിന്നു എന്തെല്ലാം നിർദ്ദേശങ്ങളായിരുന്നു ഗ്രാമവികസന വകുപ്പിന് ലഭിച്ചിരുന്നത്; ഇവയെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

5994 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാരംഭത്തിൽ നിയമിക്കപ്പെട്ടവരെ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തൊഴിൽ ഉറപ്പ് പദ്ധതിയിൽ നെൽകൃഷി</u>

5995

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച കേന്ദ്ര തീരുമാനത്തിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലി നൽകാൻ നടപടി

5996 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്കായി എത്ര ദിവസം കഴിയുമ്പോഴാണ് കൂലി നൽകി വരുന്നതെന്നും ഇത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോയെന്നും വെളിപ്പെടുത്തുമോ ;

(ബി) 1/4/2012 മുതൽ തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്ക് കൂലി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ പണം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് പദ്ധതി</u>

5997 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ തൊഴിലുറപ്പ് പദ്ധതിയില്‍ പണിയെടുത്ത തൊഴിലാളികളുടെ എത്ര മാസത്തെ കൂലി കുടിശ്ശികയുണ്ട്;

(ബി) ഈ കുടിശ്ശികയുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക എന്നു കൊടുത്തുതീര്‍ക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കുട്ടനാട്ടിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി

5998 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കഴിഞ്ഞ വർഷം എത്ര പേർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) ശരാശരി ഒരംഗത്തിന് ഒരു വർഷം എത്രദിവസം തൊഴിൽ ലഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് അറിയിക്കുമോ ;

(സി) നൂറ് ദിവസം തൊഴിൽ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വാലുപച്ച-പുത്തൻകട-കുറ്റിമൂട് റോഡിന്റെ നവീകരണം

5999 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് പഞ്ചായത്തിൽ ഉൾപ്പെട്ട വാലുപച്ച-പുത്തൻകട- കുറ്റിമൂട് റോഡിൽ നബാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിവന്ന നവീകരണ പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തി നിലയ്ക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ;

(ഡി) ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണ്; പേരും അഡ്രസ്സും വ്യക്തമാക്കാമോ;

(ഇ) ഈ പ്രവൃത്തിയുടെ കരാർതുക എത്രയായിരുന്നു; എത്ര രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ ഇപ്പോൾ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ജി) ഈ റോഡിന്റെ നവീകരണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ</u>

6000

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളായി സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ജില്ലയിലുണ്ടായ സാമ്പത്തിക ഭൗതിക നേട്ടങ്ങളുടെ ബ്ലോക്ക് തലത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) 2012-13 സാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

6001 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് 2011-2012 സാമ്പത്തിക വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2012-2013 സാമ്പത്തിക വർഷം അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വൈക്കം നിയോജക മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി</u>

6002 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2011-12 വർഷം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിൽ കോട്ടയം ജില്ലയിൽ എത്ര ശതമാനം വിജയം കൈവരിച്ചു; വ്യക്തമാക്കുമോ;

(സി) കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സൃഷ്ടിച്ച പഞ്ചായത്ത് ഏതാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

6003 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2011-12 വർഷത്തിൽ നൽകിയ തൊഴിൽദിനങ്ങളുടെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പേർ വീതം തൊഴിലുറപ്പു പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ;

(സി) 2011-12 വർഷത്തിൽ ഓരോ പഞ്ചായത്തിലും എത്ര തുക വീതം ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കേന്ദ്രാവിഷ്കൃത പദ്ധതി</u>

6004 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിൽ നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ഏതെല്ലാം റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അനുബന്ധ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി എന്താണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>അംഗീകൃത ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തൽ</u>

T6005 ശ്രീ. വി.പി. സജീന്ദ്രൻ
'' പാലോട് രവി
'' ബെന്നി ബെഹനാൻ
'' എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകൃത ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസി കളെ മുഴുവൻ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് മൂലം എന്തെല്ലാം നേട്ടങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(സി) എത്ര വർഷത്തേക്കാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വി.ഇ.ഒ മാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

6006 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വി.ഇ.ഒ മാരുടെ ഗ്രേഡ്-I, ഗ്രേഡ് II സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രീ-സർവ്വീസ് പരിശീലനത്തിലുള്ള വി.ഇ.ഒ മാരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

എം.എസ്.ഡബ്ള്യൂ. യോഗ്യതയുള്ള വി.ഇ.ഒ.മാർക്ക്
ബി.പി.ഒ. തസ്തികയിലേക്ക് സംവരണം

6007 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികയിലേക്ക് എം.എസ്സ്.ഡബ്ള്യൂ. യോഗ്യതയുള്ള വി.ഇ.ഒ.മാർക്ക് 5% പ്രമോഷൻ സംവരണം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എം.എസ്സ്.ഡബ്ള്യൂ.യോഗ്യതയുള്ള വി.ഇ.ഒ.മാർക്ക് ബി.പി.ഒ. തസ്തികയിലേക്ക് സംവരണം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വി. ഇ. ഗ്രേഡ് II ന്റെ സീനിയോറിറ്റി ലിസ്റ്റ്

6008 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ മറ്റ് തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുമ്പോൾ വി. ഇ. ഒ. ഗ്രേഡ്- II ന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കുമോ ;

(ബി) 2011 വരെ സർവ്വീസിൽ പ്രവേശിച്ച വി. ഇ. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലെ സന്ദർശകൾക്കുള്ള ടിക്കറ്റ് വിൽപ്പനയിലെ വരുമാനം</u>

6009 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 2011 മാർച്ച് മുതൽ 2012 ഫെബ്രുവരിവരെ സന്ദർശകർക്കുള്ള ടിക്കറ്റ് വിൽപ്പനയിൽ നിന്നുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ-കൊല്ലം ദേശീയപാതയിൽ കിലോമീറ്ററുകൾ രേഖപ്പെടുത്തുന്ന സൈൻബോർഡുകളിൽ കൃഷ്ണപുരം കൊട്ടാരത്തിലേയ്ക്കുള്ള ദൂരം കൂടി രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മയ്യനാട് സി. കേശവൻ സ്മാരക മന്ദിര പുനരുദ്ധാരണ കമ്മിറ്റി</u>

6010 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മയ്യനാട് സി. കേശവൻ സ്മാരക മന്ദിരത്തിന്റെ പുനരുദ്ധാരണത്തിന് രൂപീകരിച്ചിരുന്ന സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മയ്യനാട് റീജിയണൽ ബാങ്ക് പ്രസിഡണ്ട്, സ്ഥലവാസികൾ എന്നിവരുൾപ്പെട്ട കമ്മിറ്റി പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പകരം ആരെയൊക്കെയാണ് കമ്മിറ്റി അംഗങ്ങളായി എടുത്തിട്ടുള്ളത്; ചെയർമാൻ, സെക്രട്ടറി എന്നിവർ ആരാണ്;

(സി) നിർമ്മാണ പ്രവർത്തനത്തിന് ഏതെല്ലാം ഫണ്ടുകളാണ് വിനിയോഗിക്കുന്നത്; എത്ര രൂപ വീതം; വിശദമാക്കുമോ;

(ഡി) സാംസ്കാരിക വകുപ്പ് വഴി അനുവദിച്ച 7,32,000/- രൂപ വിനിയോഗിക്കാനായി ആരെയാണ് ചുമതലപ്പെടുത്തിയത്; ഈ തുക എവിടെ നിക്ഷേപിച്ചു; വിശദമാക്കുമോ;

(ഇ) ഈ സ്ഥാപനം കണ്ടിട്ടില്ലാത്തവരും സ്ഥലവാസികളല്ലാത്തവരും ആണ് പുതിയ കമ്മിറ്റിയിലെ അംഗങ്ങൾ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്ഥലത്തെ പഞ്ചായത്തംഗങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) ഈ സ്മാരകത്തിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പ്രവൃത്തിയാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ജി) സ്ഥലവാസിയും സ്മാരകത്തിന്റെ പുനരുദ്ധാരണത്തിന് മുൻകൈ എടുക്കുകയും ചെയ്ത സ്ഥലം എം.എൽ.എ.യെ ചെയർമാൻ സ്ഥാനത്തുനിന്നും ഒഴിവാക്കി എം.പി.യെ ചെയർമാൻ ആക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ക്ഷീര കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

6011 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹിദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ആരാണ് പ്രസ്തുത പദ്ധതിക്ക് നേതൃത്വം നൽകുന്നത്;

(സി) ഏതെല്ലാം ഏജൻസിയുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം ആശുപത്രി ചെലവുകളാണ് കർഷകർക്ക് പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കുന്നത്?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം</u>

6012 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രാദേശികാവശ്യങ്ങളുടെ നിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് സ്വതന്ത്ര ചെലവിനായി നിശ്ചിത തുക നൽകുന്ന കാര്യം ആലോചിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ക്ഷീരമേഖലയുടെ സ്വയം പര്യാപ്തത</u>

6013 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) 12-ാം പഞ്ചവത്സര പദ്ധതിയിൽ ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ക്ഷീര മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മിൽക്ക് മിഷൻ</u>

6014 ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ആർ. ശെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽക് മിഷൻ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി എത്ര വർഷമാണ്;

(സി) പ്രസ്തുത പദ്ധതി എന്ന് മുതൽ പ്രാബല്യത്തിലാക്കാൻ കഴിയും എന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പാലിന്റെ സംഭരണവില വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

6015 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലുല്‍പ്പാദത്തിന്റെ ചെലവ് വര്‍ദ്ധിച്ചുവരുന്നതായ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇതിനായി പാലിന്റെ സംഭരണ വില വര്‍ദ്ധിപ്പിച്ച് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കില്‍ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ സംവിധാനങ്ങൾ

6016 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളത്;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(സി) ഇത്തരം പാലിൽ മാരകമായ വിഷാംശങ്ങൾ ഉണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര കേസ്സുകൾ നിലവിലുണ്ട്;

(ഡി) ഏതെല്ലാം രാസ-കീടനാശിനികളുടെ അംശങ്ങളാണ് പാലിന്റെ പരിശോധനയിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## മിൽമയിലെ ശമ്പള പരിഷ്കരണം

6017 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമയിലെ ശമ്പള പരിഷ്കരണ കരാർ എന്നവസാനിച്ചു;

(ബി) പുതിയ ശമ്പള പരിഷ്കരണത്തിനുവേണ്ടി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എത്ര തവണ; അറിയിക്കുമോ ;

(സി) ശമ്പള പരിഷ്കരണ കരാർ എന്നുമുതൽ നടപ്പിലാക്കാൻ സാധിക്കും; വ്യക്തമാക്കാമോ ;

(ഡി) മിൽമ ജീവനക്കാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ ; എത്ര തവണ; വിശദമാക്കുമോ ;

(ഇ) പെൻഷൻ പദ്ധതി എന്നുമുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ക്ഷീരകര്‍ഷക പെന്‍ഷന്‍</u>

6018 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ക്ഷീരകര്‍ഷകരുടെ നിലവിലുള്ള പെന്‍ഷന്‍ തുക 1000 രൂപയായി വര്‍ദ്ധിപ്പിച്ചു നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>

6019 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ക്ഷീരകര്‍ഷകര്‍ക്കുള്ള ക്ഷേമനിധി നിബന്ധനകള്‍</u>

6020 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീരകര്‍ഷകര്‍ക്കുള്ള ക്ഷേമനിധി സംബന്ധിച്ച നിബന്ധനകള്‍ ലഘൂകരിച്ച് ആനുകൂല്യങ്ങള്‍ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള നിബന്ധനകളുടെ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

**ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് നൽകുന്ന തുക**

6021 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനവകുപ്പ് ക്ഷീരസഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത് ;

(ബി) കഴിഞ്ഞ വർഷം എത്ര സംഘങ്ങൾക്ക് സഹായം നൽകി ; അവ ഏതെല്ലാം ;

(സി) പ്രസ്തുത തുകയ്ക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ
കഴിയില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തുക രണ്ട് ലക്ഷം രൂപയായി വർദ്ധപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിനായി എത്ര രൂപ മാറ്റിവച്ചിട്ടുണ്ട് ;

(എഫ്) ക്ഷീരകർഷകർ കൂടുതലുള്ള നെടുമങ്ങാട്, പോത്തൻകോട്, വാമനപുരം ബ്ലോക്കുകളിലെ സംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് മുൻഗണന നൽകാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ
തുകയുടെ വിശദാംശം

6022 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഓരോന്നിനും എത്ര തുക ബഡ്ജറ്റ് വിഹിതമായി ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിൽ വിവിധ സാംസ്ക്കാരിക സംഘടനകൾക്ക് ഏതെല്ലാം പദ്ധതിമുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; ആയതിനായി ആകെ എത്ര തുക ചെലവഴിച്ചു;വ്യക്തമാക്കുമോ ;

(സി) സാംസ്ക്കാരികവകുപ്പ് മുഖേന ഏതെല്ലാം സാംസ്ക്കാരിക സംഘടനകൾക്ക്/ക്ലബ്ബുകൾക്ക്/സൊസൈറ്റികൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ; ഓരോ സ്ഥാപനത്തിനും എത്ര തുക വീതം നൽകി ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കലാകാര പെന്‍ഷന്‍</u>

6023 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇപ്പോള്‍ കലാകാരന്‍മാര്‍ക്ക് എത്ര രൂപയാണ് പ്രതിമാസ പെന്‍ഷനായി നല്‍കുന്നത്;

(ബി) ഈ തുക വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) അവശതയനുഭവിക്കുന്ന കലാകാരന്‍മാര്‍ക്ക് നല്‍കുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പ്രൊഫഷണൽ നാടകരംഗത്തെ ശക്തമാക്കാൻ നടപടി

6024 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൊഫഷണൽ നാടകരംഗത്തെ ശക്തമാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) നാടകരംഗത്ത് പ്രവർത്തിക്കുന്ന കലാകാരൻമാരിൽ പലരുടേയും സ്ഥിതി വളരെ പരുങ്ങലിലാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) നിലവിൽ എത്ര നാടക കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. എത്ര രൂപയാണ് പ്രതിമാസ പെൻഷൻ; ഇതിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര നാടക കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) നാടക കലാകാരൻമാർക്ക് തിരിച്ചറിയൽ കാർഡ്, സർക്കാർ പരിപാടികളിൽ പ്രൊഷണൽ നാടകങ്ങൾ ഉൾപ്പെടുത്തൽ, നാടക മത്സരത്തിന്റെ വിധി നിർണ്ണയത്തിൽ പ്രൊഫഷണൽ നാടകവുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സാംസ്കാരിക ബോധവല്ക്കരണം</u>

6025 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാഫിയ പ്രവർത്തനങ്ങൾ പൂർവ്വാധികം വളർന്നുവരുന്നത് സാംസ്കാരിക ഭീഷണിയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാംസ്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു സമഗ്ര ബോധവല്ക്കരണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജില്ലാടിസ്ഥാനത്തിൽ മിനി മ്യൂസിയങ്ങൾ</u>

6026 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ കീഴിലുളള മ്യൂസിയങ്ങളുടെ ആധുനികവത്കരണം സംബന്ധിച്ച് ഈ സർക്കാറിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ ;

(സി) ജില്ലാടിസ്ഥാനത്തിൽ പ്രാദേശിക പ്രാധാന്യം നൽകി മിനി മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ശ്രമമുണ്ടാകുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ചാത്തന്നൂർ ചേന്നമത്ത് ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

6027

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലും, സംരക്ഷണത്തിലുമുള്ള ചാത്തന്നൂർ ചേന്നമത്ത് ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി 10 ലക്ഷം രൂപ എന്നാണ് അനുവദിച്ച് നൽകിയത്; പ്രസ്തുത പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടത് ഔദ്യോഗിക തലത്തിലുള്ള വിഴ്ചമൂലമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സന്നദ്ധമാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ഫോക്‌ലോർ അക്കാദമി</u>

6028 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ;

(ബി) തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നടപ്പു സാമ്പത്തിക വർഷം ഇതിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) കേരളത്തിന്റെ നാടൻ കലാരൂപങ്ങൾ പ്രൊമോട്ട് ചെയ്യുന്നതിന് ഉതകുന്ന പദ്ധതികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി</u>

6029 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, വി. ശശി
ശ്രീമതി ഗിതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവിയ്ക്ക് അർഹതയില്ലെന്ന് സാഹിത്യ കലാ അക്കാദമിയുടെ ഭാഷാ ശാസ്ത്ര വിഭാഗം കേന്ദ്ര സാംസ്ക്കാരിക മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എത്ര വർഷം വരെ പഴക്കമുള്ള ഭാഷകൾക്കാണ് സാധാരണ ക്ലാസിക്കൽ പദവി ലഭിക്കുന്നത്;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കിളിമാനൂരിലെ രാജാരവിവർമ്മ സ്മാരക സമുച്ചയ നിർമ്മാണം</u>

6030 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ നിർമ്മാണമാരംഭിച്ച രാജാരവിവർമ്മ സ്മാരക സമുച്ചയത്തിനും സ്മൃതി മണ്ഡപത്തിനും ഇതുവരെ എന്തുതുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ പ്രവൃത്തിയിൽ ഏതെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രേംനസീറിന്റെ പ്രതിമ</u>

6031

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രേംനസീറിന്റെ പ്രതിമ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ മുസ്ലീം പണ്ഡിതർ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) റോഡുകളിൽ പ്രതിമകൾ സ്ഥാപിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കായംകുളം-കൃഷ്ണപുരം സാംസ്ക്കാരിക വിനോദസഞ്ചാര സമുച്ചയം</u>

6032 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം-കൃഷ്ണപുരം സാംസ്ക്കാരിക വിനോദസഞ്ചാര സമുച്ചയത്തിലെ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമ്പോൾ ഓണാട്ടുകരയിലെ സാംസ്ക്കാരിക നായകൻമാരുടെ പ്രതിമകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കയ്യൂരിൽ രക്തസാക്ഷി സ്മാരക നിർമ്മാണം</u>

6033 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്ന കയ്യൂർ സംഭവത്തിൽ രക്തസാക്ഷിത്വം വരിച്ചവരുടെ സ്മരണ നിലനിർത്തുന്നതിന് കയ്യൂരിൽ നിർമ്മിക്കുന്ന രക്ത സാക്ഷി സ്മാരക നിർമ്മാണത്തിന് അനുവദിച്ച 20 ലക്ഷം രൂപ ചെലവഴിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ സ്മാരക നിർമ്മാണത്തിന് അനുവദിച്ച 20 ലക്ഷം രൂപ ഈ വർഷം ലഭ്യമാക്കുവാൻ നടപടി സ്വീകരി ക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തിരുനാവായയിലെ മാമാങ്ക സ്മാരകങ്ങൾ</u>

6034 ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 85 ലക്ഷം രൂപ ചെലവിട്ട് മലപ്പുറം ജില്ലയിലെ തിരുനാവായയിലെ അഞ്ച് മാമാങ്ക സ്മാരകങ്ങൾ സംരക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരും പരിരക്ഷിക്കാനില്ലാതെ ഈ അഞ്ചു സ്മാരകങ്ങളും അന്യാധീനപ്പെട്ട് സാമൂഹ്യ ദ്രോഹികളുടെ താവളമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അഞ്ചു സ്മാരകങ്ങളും സംരക്ഷിച്ച് നിലനിർത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഏൽപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏതുവരെയെത്തി എന്ന് വിശദമാക്കാമോ

(ഇ) പ്രസ്തുത സ്മാരകങ്ങൾ ഡി. ടി. പി. സി യ്ക്ക് എന്ന് കൈമാറാൻ സാധിക്കുമെന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സ്മാരകം

6035 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സ്മാരകം സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്;

(സി) സ്മാരകത്തിനായി സ്ഥലം ഏറ്റെടുക്കൽ, പദ്ധതി നിർവ്വഹണം എന്നിവയിൽ കാലതാമസം ഉണ്ടാവുന്നത് എന്ത് കാരണത്താലാണ്;

(ഡി) ബഡ്ജറ്റ് വിഹിതം ഈ വർഷം ചെലവഴിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് ആസ്ഥാനമായി കള്‍ച്ചറല്‍ സെന്റര്‍</u>

6036 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും വടക്കേ മലബാറില്‍ സ്ഥിതി ചെയ്യുന്നുണ്ട് ;

(ബി) ദൂര ജില്ലകളില്‍ ആസ്ഥാനമുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവര്‍ത്തനങ്ങളെ ഒരു കുടക്കീഴില്‍ കൊണ്ടുവരുന്നതിന് കള്‍ച്ചറല്‍ സെന്ററുകള്‍ ആരംഭിക്കുവാന്‍ തയ്യാറാകുമോ ;

(സി) തളിപ്പറമ്പ് ആസ്ഥാനമായി ഒരു കള്‍ച്ചറല്‍ സെന്റര്‍ ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കുന്നംകുളം നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിനുകീഴിലുള്ള സംരക്ഷിത സ്ഥലങ്ങൾ

6037 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ പുരാവസ്തുവകുപ്പിനുകീഴിൽ എത്ര സംരക്ഷിത സ്ഥലങ്ങളുണ്ട് ;

(ബി) അവ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ സമീപത്ത് വീടുകൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും നിയന്ത്രണം നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ നിയന്ത്രണം സംബന്ധിച്ച വിവരം അറിയിക്കുമോ ;

(ഇ) സംരക്ഷിത സ്ഥലത്തിന് സമീപത്തല്ലാതെ മറ്റൊരിടത്തും ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി ഏതെങ്കിലും തരത്തിൽ ഇളവ് ലഭിയ്ക്കുമോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിന് ഏത് ഉദ്യോഗസ്ഥനെയാണ് സമീപിയ്ക്കേണ്ടത് ; അതിനുള്ള മാനദണ്ഡങ്ങളും വിശദാംശവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധകേസുമായി ബന്ധപ്പെട്ട് ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് നല്കിയ പ്രസ്താവന

6038 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധകേസുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തര സഹമന്ത്രി, സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി എന്നിവർ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് നല്കിയ പ്രസ്താവനകളും അഭിപ്രായങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം തീയതികളിൽ, എവിടെയെല്ലാം വച്ച്, എന്തെല്ലാം കാര്യങ്ങളാണ് ടി.പി.ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് പ്രസ്സ് റിലീസുകളായിട്ടോ പ്രതികരണങ്ങളായിട്ടോ അഭിമുഖങ്ങളായിട്ടോ മേല്പ്പറഞ്ഞ മന്ത്രിമാർ നടത്തിയിട്ടുള്ളതെന്ന്, അത് പ്രസിദ്ധീകരിച്ച ദൃശ്യ-പത്ര മാധ്യമത്തിൽ നിന്നുള്ള വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ</u>

6039 ശ്രീ. ഡൊമനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്;

(സി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ മീഡിയാ സെന്ററുകൾ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും മീഡിയാ സെന്ററുകൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗം</u>

6040 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക മാധ്യമങ്ങളുടെ വരവോടെ പുതിയതലമുറയിൽ വായനാശീലം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കേണ്ടുന്നതിലേക്ക് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുസ്തക പ്രസാധനത്തിന്റെ സിംഹഭാഗവും സ്വകാര്യ പ്രസാധകരിലൂടെയാകയാൽ പുസ്തകങ്ങളുടെ നിലവിലുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കുന്നതിലേക്ക് സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നിലവിലുള്ള ദിനപ്പത്രങ്ങൾ</u>

6041 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ദിനപ്പത്രങ്ങൾ ഏതെല്ലാം ; വ്യക്തമാക്കുമോ;

(ബി) ഇവയിൽ സ്വാതന്ത്ര്യസമരകാലത്ത് ആരംഭിച്ച് ഇന്നും നിലവിലുള്ള പത്രങ്ങൾ ഏതെല്ലാം;

(സി) ഇവ ആരംഭിച്ചത് ആരൊക്കെയായിരുന്നു ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കബളിപ്പിക്കുന്ന പരസ്യങ്ങൾ</u>

6042

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ വ്യാമോഹിപ്പിക്കുന്ന തരത്തിൽ പരസ്യം നൽകി മരുന്നുകൾ, ഉൽപ്പന്നങ്ങൾ മുതലായവ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശത്തും സ്വദേശത്തും തൊഴിൽ വാഗ്ദാനം ചെയ്യുന്ന പരസ്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പരസ്യങ്ങളാൽ കബളിപ്പിക്കപ്പെടുന്നവർക്ക് ഇത് പ്രസിദ്ധീകരിക്കുന്ന പത്ര-ദൃശ്യമാധ്യമങ്ങൾക്കെതിരെ പരാതിപ്പെടുന്നതിന് നിയമ വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കേബിള്‍ ടി. വി. മേഖലയിലെ പ്രതിസന്ധി</u>

6043 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വയംതൊഴില്‍ പ്രകാരം കേബിള്‍ ടി. വി. നെറ്റ് വര്‍ക്ക് നടത്തുന്ന സംരംഭകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ പ്രസ്തുത മേഖലയില്‍ സര്‍ക്കാര്‍ നിയന്ത്രണം കൊണ്ടുവരുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(സി) കേബിള്‍ ടി. വി. മേഖലയില്‍ പ്രവര്‍ത്തിക്കുന്ന ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന്‍ എന്ന ബോംബെ റെഹേജാ ഗ്രൂപ്പ് കമ്പനിക്കെതിരെ ഈ മേഖലയിലുള്ള ആരെങ്കിലും പരാതി നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിനെതിരെ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി-ഡിറ്റ് സമർപ്പിച്ച പദ്ധതികൾ</u>

6044 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ സി-ഡിറ്റ് സമർപ്പിച്ച ഏതെല്ലാം പദ്ധതികൾ ക്കാണ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിക്കപ്പെട്ടിട്ടുള്ള സഹായം സി-ഡിറ്റിന് കൈമാറി യിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക വിനിയോഗത്തിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി- ഡിറ്റിലെ റീസ്ട്രക്ച്ചറിംഗ്</u>

6045 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി- ഡിറ്റിൽ റീസ്ട്രക്ച്ചറിംഗ് നടപടിയുടെ ഭാഗമായി പദവിമാറ്റം നൽകിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംവരണതത്വം പാലിച്ചിട്ടില്ലെങ്കിൽ നടത്തിയ റീസ്ട്രക്ചറിംഗ് നടപടികൾ പിൻവലിക്കുമോ;

(സി) പട്ടികജാതി-വർഗ്ഗവിഭാഗത്തിൽപ്പെട്ടവരെ നിലവിലെ ചുമതലകളിൽ നിന്നും മാറ്റുകയോ തരംതാഴ്ത്തുകയോ ചെയ്തിട്ടുണ്ടോ;

(സി) ഏതെല്ലാം പദ്ധതികളിൽ നിന്നും ആരെയൊക്കെയാണ് മാറ്റിയിട്ടുളളത്; പ്രസ്തുത കാരണമുൾപ്പെടെ വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ നിയമനം</u>

6046 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സി-ഡിറ്റിൽ എത്ര ട്രെയിനി നിയമനവും എത്ര സ്ഥിരം നിയമനവും നടന്നു;വ്യക്തമാക്കാമോ;

(ബി) സി-ഡിറ്റിൽ നടത്തുന്ന നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി നേടണമെന്ന ഉത്തരവ് നിലവിലുണ്ടോ:

(സി) സി-ഡിറ്റിൽ ഇപ്പോൾ നടത്തിയ നിയമനങ്ങൾക്ക് അനുമതി തേടിയിട്ടുണ്ടോ;

(ഡി) വിവിധ സ്ഥാപനങ്ങളിൽ നിന്നും റിട്ടയർ ചെയ്ത എത്ര പേരെ ഈ സർക്കാർ അധികാരമേറ്റ ശേഷം സി-ഡിറ്റിൽ നിയമിച്ചുവെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം</u>

6047 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം മാറ്റി പകരം ഏതെങ്കിലും ജീവനക്കാരന്റെ സ്വകാര്യ ഇ-മെയിൽ വിലാസമാക്കി ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) എങ്കിൽ ഈ ജീവനക്കാരൻ ഏതെങ്കിലും യൂണിയന്റെ ഭാരവാഹിയാണോ; എങ്കിൽ ഏത് യൂണിയന്റെ ഭാരവാഹിയാണെന്ന് അറിയിക്കുമോ;

(സി) ഔദ്യോഗിക ഇ-മെയിൽ വിലാസം മാറ്റി പകരം ജീവനക്കാരന്റെ സ്വകാര്യ ഇ-മെയിൽ വിലാസമാക്കി ഡയറക്ടർ പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ പ്രതിസന്ധി</u>

6048 ശ്രീ. വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷം സി-ഡിറ്റിന് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് സി-ഡിറ്റിനു വേണ്ടി അനുവദിച്ചത്;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് കരുതൽ ധനശേഖരത്തിൽ നിന്നാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി ജീവനക്കാർക്ക് ശമ്പളം നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാനാകാതെ മുടങ്ങിക്കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## സി-ഡിറ്റിലെ വാഹനം

6049 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ 2011 ആഗസ്റ്റിനും 2012 മാർച്ച് 31നുമകം ഒരു പുതിയ ഇന്നോവ കാർ ഔദ്യോഗികാവശ്യത്തിനായി വാങ്ങി യിട്ടുണ്ടോ; ഇതിനായി ഡീലർ നൽകിയ ഇൻവോയിസ് എത്ര രൂപയുടേതായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) പർച്ചേസ് ഓഡറിൽ ഏത് നിറത്തിലുള്ള കാർ ആണ് ആവശ്യപ്പെട്ടിരുന്നതെന്നും ഇതിന്റെ വില എത്രയാണെന്നും അറിയി ക്കാമോ;

(സി) പർച്ചേസ് ഓഡറിൽ ആവശ്യപ്പെട്ടിരുന്ന നിറത്തിലുള്ള കാർ തന്നെയാണോ സി-ഡിറ്റ് വാങ്ങിയത്; ഇല്ലെങ്കിൽ നിറം മാറ്റി വാങ്ങുന്നതിനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പർച്ചേസ് ഓഡറിൽ ആവശ്യപ്പെട്ടിരുന്ന നിറത്തിലുള്ള കാർ മാറ്റി മറ്റൊരു നിറത്തിലുള്ള കാർ വാങ്ങിയതിൽ സി-ഡിറ്റിന് അധിക സാമ്പത്തിക ബാധ്യത വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) സി-ഡിറ്റ് നൽകിയ പർച്ചേസ് ഓഡർ, ഇൻവോയിസ് ഇത് സംബന്ധിച്ച മറ്റ് നടപടിക്രമങ്ങളുടെ രേഖാ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ആദ്യ പ്രവാസി പുനരധിവാസ പദ്ധതി

6050 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദ്യ പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) വിദേശത്തു നിന്ന് തിരിച്ചുവന്ന പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഇ) പദ്ധതിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

സേവന നികുതി, കേന്ദ്രത്തിൽ സമ്മർദം

6051 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവാസിമലയാളികൾ ഒരു വർഷം ശരാശരി എന്ത് തുക നാട്ടിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നും പ്രസ്തുത തുക കേരളത്തിന്റെ ജി. ഡി. പി. - യുടെ എത്ര ശതമാനം വരുമെന്നുമാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) പ്രവാസിമലയാളികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന തുകയ്ക്ക് സേവനനികുതി ചുമത്തുന്നത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും സേവനനികുതി എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(ഡി) സേവനനികുതി ചുമത്തിയ കേന്ദ്രഗവൺമെന്റ് നടപടി പിൻവലിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിലേയ്ക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നോർക്ക - റൂട്ട്സിന്റെ കീഴിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം</u>

6052 ശ്രീ. റ്റി.എ അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിനെക്കുറിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നോർക്ക - റൂട്ട്സിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളാണ് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ നോർക്ക റൂട്ട്സിന്റെ കീഴിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രോഗ്രാം സെന്റർ മലപ്പുറം ജില്ലയിലെ മങ്കടയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസി ലീഗൽ എയ്ഡ്സെൽ പ്രവർത്തനം</u>

6053 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ലീഗൽ എയ്ഡ്സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് സെൽ പ്രവർത്തിക്കുന്നത് ; സെല്ലിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 24 മണിക്കൂറും ഹെൽപ്പുലൈൻ സേവനം ലഭ്യമാക്കുന്ന ബിസിനസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് പ്രവർത്തനം ആരംഭിച്ചത് ; പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങൾ കുറയുന്ന സാഹചര്യം</u>

6054 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യരാജ്യക്കാർക്കുള്ള തൊഴിലവസരങ്ങൾ വിദേശങ്ങളിൽ കുറയുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രവാസി കേരളീയരുടെ പെൻഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

നോർക്ക മുഖേനയുള്ള ചികിത്സാ ധനസഹായം

6055 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ഏതെല്ലാം അസുഖങ്ങൾക്കുള്ള ചികിത്സയ്ക്കാണ് നോർക്ക വകുപ്പ് ധനസഹായം അനുവദിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗള്‍ഫ് മേഖലയിലേക്കുള്ള വിമാനക്കൂലി ഏകീകരിക്കാന്‍ നടപടി</u>

6056 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനക്കൂലി എയര്‍ഇന്ത്യ അമിതമായി വര്‍ദ്ധിപ്പിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഗള്‍ഫ് മലയാളികളുടെ ബുദ്ധിമുട്ടുകള്‍ കുറയ്ക്കാന്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എയര്‍ ഇന്ത്യ ഉള്‍പ്പെടെയുള്ള വിമാനക്കമ്പനികള്‍ ഗള്‍ഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രയ്ക്ക് ഈടാക്കുന്ന ചാര്‍ജ്ജ് ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യങ്ങള്‍ കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വിമാനയാത്രക്കൂലി വർദ്ധനവ്

6057 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എയർ ഇന്ത്യ സർവ്വീസുകൾ റദ്ദു ചെയ്തതുമൂലം പ്രൈവറ്റ് എയർ ലൈൻസുകൾ വൻതോതിൽ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസികളും സംസ്ഥാന സമ്പദ്ഘടനയും</u>

6058 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശ രാജ്യങ്ങളിൽ എത്ര കേരളീയർ ജോലി ചെയ്യുന്നു ണ്ടെന്നും ഇത് സംസ്ഥാന സമ്പദ്ഘടനയിൽ എന്തുമാത്രം നേട്ടമുണ്ടാക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ബാങ്കുകളിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ ക്രയവിക്രയമാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് കേന്ദ്രസർക്കാർ സേവന നികുതി ഏർപ്പെടുത്തുന്ന കാര്യം സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്തുവോ; വിശദമാക്കുമോ;

(ഡി) പ്രവാസികൾ അയയ്ക്കുന്ന തുകയ്ക്കുള്ള ബാങ്ക് ചാർജിന്റെ 12.36 ശതമാനം നികുതിയായി ഈടാക്കാനുള്ള കേന്ദ്ര തീരുമാനം പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

'പ്രവാസി കേരളീയ ക്ഷേമ വകുപ്പ്'

6059 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വദേശത്തും വിദേശത്തുമുള്ള വിവിധ പ്രവാസി സംഘടനകളുടെ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനും ഊര്‍ജ്ജിതപ്പെടുത്തുന്നതിനും സഹായകമാകുന്ന 'പ്രവാസി കേരളീയ ക്ഷേമ വകുപ്പ്' രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത വകുപ്പ് രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി</u>

6060 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 18-60 വയസ് ആക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) പ്രവാസി ക്ഷേമനിധി ബോർഡിന്റെ റീജിയണൽ ഓഫീസുകൾ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ കൂടുതൽ പ്രവാസികളുള്ള ജില്ലകളിലെങ്കിലും റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസികൾ അയയ്ക്കുന്ന പണത്തിന് സേവന നികുതി</u>

6061 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ സംസ്ഥാന സർക്കാർ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം മലയാളികളെയാണ് ഏറെ ബാധിക്കുക എന്നതിനാൽ ആയത് പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>വിമാനത്താവളങ്ങളിൽ നോർക്ക ലെയ്സൺ ഓഫീസുകൾ</u>

6062 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വദേശത്തെയും മലയാളികൾ ധാരാളമായി അധിവസിക്കുന്ന വിദേശരാജ്യങ്ങളിലെയും വിമാനത്താവളങ്ങളോടനുബന്ധിച്ച് നോർക്കയുടെ ലെയ്സൺ ഓഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ അടിയന്തിരമായി ആരംഭിക്കുവാനും പ്രവാസി ക്ഷേമനിധി പദ്ധതിയെക്കുറിച്ചും, മറ്റ് ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പ്രസ്തുത ലെയ്സൺ ഓഫീസുകളിൽ നിന്നും മലയാളികൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസികളുടെ യാത്രാപ്രശ്നങ്ങൾ</u>

6063 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ഇ. കെ. വിജയൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ ഇൻഡ്യ പണിമുടക്കിനെ തുടർന്ന് ഗൾഫ് നാടുകൾ അടക്കമുള്ള രാജ്യങ്ങളിലെ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എയർ ഇൻഡ്യാ സർവ്വീസുകളിൽ നല്ലൊരു ഭാഗം റദ്ദാക്കുന്നതും, മറ്റ് വിമാന കമ്പനികൾ യാത്രാനിരക്ക് അറുനൂറ് ശതമാനം വരെ വർദ്ധിപ്പിക്കുന്നതും മൂലമുണ്ടാകുന്ന പ്രയാസങ്ങളിൽ നിന്നും മലയാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) യാത്രാനിരക്കുകൾ കുറയ്ക്കുന്നതിന് ഗൾഫ് മേഖലയിൽ നിന്ന് കൂടുതൽ എയർ ഇൻഡ്യാ സർവ്വീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധിയിലെ അംഗസംഖ്യ</u>

6064 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസികൾക്കായുള്ള ക്ഷേമനിധി നിലവിൽ വന്നത് എന്നാണ് ; പ്രസ്തുത ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ട് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമനിധിയിലെ സർക്കാർ വിഹിതം</u>

6065 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബൈ നോർക്ക റൂട്ട്സ് കാര്യാലയത്തിൽ കഴിഞ്ഞ ജനുവരി മുതൽ ഉത്തരവാദപ്പെട്ട മേധാവി ഇല്ലാതിരുന്നതും തുടർന്ന് പെൻഷൻ ആവാറായ ഉദ്യോഗസ്ഥനെ നിയമിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മറുനാടൻ മലയാളികൾക്ക് കേരളത്തിനു പുറത്ത് പ്രവാസിക്ഷേമനിധിയിൽ ചേരാമെന്നിരിക്കെ കേരളത്തിൽ ബ്രാഞ്ചുകളുള്ള എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളിലും ക്ഷേമനിധി തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വൻനഗരങ്ങളിൽ ജീവിക്കുന്ന മറുനാടൻ മലയാളികളുടെ ജീവിതച്ചെലവിനാനുപാതികമായി സർക്കാരിന്റെ ഒരു വിഹിതം ഈ ക്ഷേമനിധിയിൽ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗൾഫിലെ മലയാളി തടവുകാർ</u>

6066 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ വിവിധ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രയാണ്; ഏതൊക്കെ രാജ്യങ്ങളിലായി എത്ര പേർ വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര പേരെ ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ നിന്നും മോചിതരാക്കി സംസ്ഥാനത്ത് എത്തിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ കാരണത്താൽ ഇത്തരത്തിൽ ജയിലിൽ കഴിയുന്ന മലയാളികളെ നാട്ടിൽ എത്തിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ കാരണങ്ങളാൽ ഗൾഫ് രാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളെ നാട്ടിൽ പെട്ടെന്ന് എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ കുടുംബങ്ങൾക്ക് എപ്രകാരമുള്ള സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മുംബൈ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

6067 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബൈ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതുതലമുറയെ ലക്ഷ്യമാക്കി ആരംഭിച്ച മലയാളി മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള നടപടികൾ ലളിതമാക്കുന്നതിനും വൻനഗരങ്ങളിലെ ജീവിത ച്ചെലവുകൾ കണക്കിലെടുത്ത് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മുംബൈയിലെ നോർക്ക ഓഫീസിന്റെ പ്രവർത്തനം</u>

6068 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മുംബൈയിലെ നോർക്ക ഓഫീസിന്റെ പ്രവർത്തനം മലയാളികൾക്ക് ഉപകരിക്കുംവിധം കാര്യക്ഷമമല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുംബൈയിലെ കേരള ഹൗസ് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി മലയാളി സംഘടനകൾക്കും മലയാളിക്കൂട്ടായ്മകൾക്കും മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

എൻ.ആർ.കെ ഇൻഷ്വറൻസ് പദ്ധതി

6069 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നോർക്ക റൂട്ട്സ് എൻ.ആർ.കെ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ?